**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയം ഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ മേലാറ്റൂർ ഗ്രാമ പഞ്ചായത്തിന്റെ 2002-03 വർഷത്തെ ലോക്കൽഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.12 പ്രകാരം തടസ്സപ്പെടുത്തിയ 11,575/- രൂപയുടെ (പതിനൊന്നായിരത്തി അഞ്ഞൂറ്റി എഴുപത്തിയഞ്ച് രൂപ മാത്രം) ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു**

---

**തദ്ദേശ സ്വയം ഭരണ (എ ബി) വകുപ്പ്**

**സ.ഉ(സാധാ)നം. 1155/2017/തസ്വഭവ      തിരുവനന്തപുരം, തീയതി 15/04/2017**

**പരാമർശം** : 1. മേലാറ്റൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 13/07/2015 തീയതിയിലെ എ 1-3021/11 നമ്പർ കത്ത്.

2. പഞ്ചായത്ത് ഡയറക്ടറുടെ 27/05/2016 തീയതിയിലെ എം3- 13695/2016 നമ്പർ കത്ത്

3. സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 28/01/2017 തീയതിയിലെ കെ എസ് എ 8768/പി റ്റി 3/2016 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സർക്കാർ ഉത്തരവ് (എം.എസ്.) നം. 29/02/പ്ലാനിംഗ് തീയതി 18/07/2002 പ്രകാരം 2002-03 വർഷത്തെ ജനകീയാസൂത്രണവുമായി ബന്ധപ്പെട്ടുളള പദ്ധതി അനുബന്ധച്ചെലവ് പദ്ധതി വിഹിതത്തിന്റെ 1% -ൽ അധികരിക്കാൻ പാടില്ലെന്ന് (പരമാവധി 75,000/- രൂപ) നിഷ്കർഷിച്ചിരുന്നു. മലപ്പുറം ജില്ലയിലെ മേലാറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2002-03 വർഷത്തെ പദ്ധതി വിഹിതം 65,28,000/- രൂപ ആയിരുന്നു. അതനുസരിച്ച് 65,280/- രൂപയാണ് പദ്ധതി അനുബന്ധച്ചെലവായി തൻവർഷം പഞ്ചായത്തിന് വിനിയോഗിക്കാമായിരുന്നതെങ്കിലും ടി ഇനത്തിൽ 76,885/- രൂപ ചിലവഴിച്ചതിനാൽ അധികം ചെലവഴിച്ച 11,575/- രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് പ്രസ്തുത തുകയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു.

2) പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് പ്രിന്റിംഗ്, ഫോട്ടോസ്റ്റാറ്റ് കോപ്പി എന്നീ ഇനങ്ങളിലും വികസന സെമിനാറിനും വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾക്കും റിഫ്രഷ്മെന്റ് ഇനത്തിലും അധികം ചെലവ് വന്നതാണ് പരിധിയിൽ കൂടാൻ കാരണമായതെന്നും കൂടാതെ ഉത്തരവാദിയായ സെക്രട്ടറി മരണപ്പെട്ടുവെന്നും ആയതിനാൽ പ്രസ്തുത ചെലവിന് സർക്കാർ സാധൂകരണം നൽകണമെന്നും സൂചന ഒന്ന് കത്ത് പ്രകാരം മേലാറ്റൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതി തീരുമാനം വ്യക്തമായ ശുപാർശ സഹിതം പരാമർശം രണ്ട് കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണ അനുബന്ധ ചെലവുകൾ പഞ്ചായത്തിന്റെ ന്യായമായ ആവശ്യങ്ങൾക്ക വേണ്ടിയായിരുന്നുവെന്നും ആയതിൽ പഞ്ചായത്തിന് യാതൊരു നഷ്ടവും ഉണ്ടായിട്ടില്ല എന്നുമുള്ള പഞ്ചായത്ത് കമ്മിറ്റി തീരുമാനം പരിഗണിച്ചും ഉത്തരവാദിയായ സെക്രട്ടറി മരണപ്പെട്ടതായി പഞ്ചായത്ത് ഡയറക്ടർ വ്യക്തമാക്കിയിട്ടുള്ളതിനാലും പരാമർശ ഖണ്ഡികയ്ക്ക് സാധൂകരണം നൽകുന്ന

വിഷയത്തിൽ സർക്കാരിന് യുക്തമായ തീരുമാനം എടുക്കാവുന്നതാണെന്ന് പരാമർശം മൂന്ന് കത്ത് പ്രകാരം കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിട്ടിട്ടുണ്ട്.

3) ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമ്പത്തിക അച്ചടക്കത്തിനും മിതവ്യയം ഉറപ്പാക്കുന്നതിനും വേണ്ടി സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളും സർക്കുലറുകളും പാലിക്കുകയെന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വത്തിൽ സംഭവിച്ച വീഴ്ച ചൂണ്ടിക്കാട്ടുകയാണ് പരാമർശ ഖണ്ഡികയിലൂടെ ഓഡിറ്റ് ചെയ്തിട്ടുള്ളത്. എന്നിരുന്നാലും പദ്ധതി രൂപീകരണ അനുബന്ധച്ചെലവുകൾ പഞ്ചായത്തിന്റെ ന്യായമായ ആവശ്യങ്ങൾക്ക് വേണ്ടിയായിരുന്നുവെന്നും അതിൽ പഞ്ചായത്തിന് യാതൊരു നഷ്ടവും സംഭവിച്ചിട്ടില്ല എന്നുമുള്ള പഞ്ചായത്ത് കമ്മിറ്റി തീരുമാനം, സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന്റെ മറുപടി എന്നിവ പരിഗണിച്ചും ഉത്തരവാദിയായ സെക്രട്ടറി മരണപ്പെട്ടതായുള്ള പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും മലപ്പുറം ജില്ലയിലെ മേലാറ്റൂർ ഗ്രാമ പഞ്ചായത്തിന്റെ 2002-03 വർഷത്തെ ലോക്കൽഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.12 പ്രകാരം തടസ്സപ്പെടുത്തിയ 11,575/- രൂപയുടെ (പതിനൊന്നായിരത്തി അഞ്ഞൂറ്റി എഴുപത്തിയഞ്ച് രൂപ മാത്രം) ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ഷിബു എ ടി
അണ്ടർ സെക്രട്ടറി

കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
സെക്രട്ടറി, മേലാറ്റൂർ ഗ്രാമ പഞ്ചായത്ത്, മലപ്പുറം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര -പൊതു ജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ